<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനെട്ടാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1401 — 06.02.2020-ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ടി.ജെ. വിനോദ് : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | കാലാവസ്ഥാ വ്യതിയാനവും അശാസ്ത്രീയമായ മീൻപിടിത്തവും കാരണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | അടിക്കടി ഉണ്ടാകുന്ന കാലാവസ്ഥ വ്യതിയാനം മൂലമുള്ള മുന്നറിയിപ്പുകൾ നിമിത്തം മത്സ്യത്തൊഴിലാളികൾക്ക് കടലിൽ പോകുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | 2019-ൽ ഇപ്രകാരമുള്ള മുന്നറിയിപ്പ് മൂലം മത്സ്യത്തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങളാണ് നഷ്ടപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിന് നഷ്ടപരിഹാരം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്.<br>ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പുകൾ കേന്ദ്ര കാലാവസ്ഥാ വിഭാഗം പുറപ്പെടുവിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് വഴി ഫിഷറീസ് വകുപ്പിന് ലഭിക്കുകയും അത് മത്സ്യത്തൊഴിലാളികളെ കൃത്യമായി അറിയിക്കുകയും ചെയ്തു വരുന്നു. പൂർണ്ണവും കൂടുതൽ ദിവസങ്ങൾ നീണ്ടു നിൽക്കുന്നതുമായ മത്സ്യബന്ധന നിരോധനം ക്യാർ, മഹ പോലുള്ള ചുഴലിക്കാറ്റ് മുന്നറിയിപ്പുകൾ ഉണ്ടാകുമ്പോൾ |

| | | | |
|---|---|---|---|
| | | | മാത്രമാണ്. അല്ലാത്ത സമയങ്ങളിൽ കാറ്റും ഒഴുക്കും കൂടുതലുള്ള നിശ്ചിത പ്രദേശത്ത് മാത്രമായി മത്സ്യബന്ധന വിലക്ക് ഏർപ്പെടുത്തുകയാണ് ചെയ്തു വരുന്നത്. തുടർച്ചയായ ദിവസങ്ങളിൽ മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തേണ്ടി വരുമ്പോൾ സൗജന്യ റേഷനും മത്സ്യത്തൊഴിലാളി കുടുംബത്തിന് ഉപജീവന ബത്തയും അനുവദിക്കാറുണ്ട്.<br>മൺസൂൺ കാലയളവിൽ കടൽ പ്രക്ഷുബ്ധമാകയാൽ മത്സ്യബന്ധന ദിനങ്ങൾ കുറവാകുമെന്ന് കണ്ട് കൊണ്ട് സമ്പാദ്യ സമാശ്വാസ പദ്ധതി തുക 4500/- രൂപയായി വർദ്ധിപ്പിക്കുകയും ആയത് പഞ്ഞ മാസ കാലയളവിൽ വിതരണം ചെയ്യുകയും ചെയ്തു വരുന്നു. കൂടാതെ തണൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിന് ഒരു വർഷം 1350/- രൂപ എന്ന ക്രമത്തിൽ നൽകി വരുന്നുണ്ട്. |
| (ഇ) | കാലാവസ്ഥ പ്രവചനങ്ങളിൽ ഉണ്ടാകുന്ന അവ്യക്തതയും സൂക്ഷ്മത ഇല്ലായ്മയും മൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തര ഇടപെടലുകൾ ഉണ്ടാകുമോ? | (ഇ) | കാലാവസ്ഥാ മുന്നറിയിപ്പുകൾ കേന്ദ്ര കാലാവസ്ഥാ വിഭാഗം പുറപ്പെടുവിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ വകുപ്പ് വഴി ഫിഷറീസ് വകുപ്പിന് ലഭ്യമാകുകയും അത് മത്സ്യത്തൊഴിലാളികളെ കൃത്യമായി അറിയിക്കുകയും ചെയ്തു വരുന്നു. ഇത്തരം മുന്നറിയിപ്പുകൾ മത്സ്യ ത്തൊഴിലാളികളി ലെത്തിക്കുന്നതിന് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. കൂടാതെ ISRO വികസിപ്പിച്ചെടുത്ത 'നാവിക്' ഉപകരണം വഴി മത്സ്യത്തൊഴിലാളികൾക്ക് യഥാസമയം മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നുണ്ട്. സാറ്റലൈറ്റ് ഫോൺ, ഡാറ്റ് എന്നിവയിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പുകൾ ലഭ്യമാക്കുന്നു. |

**സെക്ഷൻ ഓഫീസർ**